രക്ഷപ്പെട്ട് നടത്തിയ ദീർഘയാത്രപോലെ ഇവരും ഒരു ദീർഘയാത്ര നടത്തി വന്നിരിക്കുകയാണു്. ഇസ്രായേൽ മക്കൾക്കു് മന്നാവൊഴിച്ചുകൊടുക്കാൻ യഹോവാ ഉണ്ടായിരുന്നു. ഇവർക്കു് ആരുമില്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട മന്ത്രിയും മറ്റു ബന്ധപ്പെട്ട ആളുകളും അടിയന്തിരമായ നടപടികളും സ്വീകരിച്ചു് അവർക്കു് സ്ഥലം നൽകിമാററി താമസിപ്പിക്കണമെന്നാണു് ഞാൻ അഭ്യർത്ഥിക്കുന്നതു്. മുണ്ടക്കയത്തിനടുത്തായി ഇരുനൂററിയമ്പതു് ഏക്കർ സ്ഥലം സോഫ്റ്റ്വുഡ് പ്ലാന്റേഷനു് ഒരുക്കിയിട്ടിട്ടുണ്ടു്. ആ സ്ഥലം ഇവർക്കു കൊടുക്കാൻ കഴിയുമെന്നാണു് എന്റെ അഭിപ്രായം. അവർ അതു് ആവശ്യപ്പെടുന്നുമുണ്ടു്. ആ സ്ഥലം ഇവർക്കു് കൊടുത്തിട്ടു് ഇവർ താമസിച്ചിരുന്ന സ്ഥലം സോഫ്റ്റ്വുഡ് പ്ലാന്റേഷനു് ഉപയോഗപ്പെടുത്താൻ ബുദ്ധിമുട്ടു് ഉണ്ടാവുകയില്ല. ഈ 250 ഏക്കർ സ്ഥലത്തിനു ചുറ്റുപാടും ജനങ്ങൾ താമസിക്കുന്നുണ്ടു്. അവിടം പ്ലാന്റേഷനാക്കുന്നതു് അഭിലഷണീയമാണെന്നു് എനിക്കഭിപ്രായമില്ല. അവിടത്തെ പഞ്ചായത്തിന്റേയും നാട്ടുകാരുടേയും അഭിപ്രായം അതാണു്. മാത്രമല്ല ആ സ്ഥലത്തിന്റെ ഉള്ളിൽ ആറേക്കറോളം സ്ഥലം ''പശ്ചിമ'' എന്ന പൗരാണികമായ ഒരു ക്ഷേത്രത്തിനു പതിച്ചു കൊടുത്തിട്ടുണ്ടു്. അതുകൊണ്ടു് ആ സ്ഥലം സോഫ്റ്റ്വുഡ് പ്ലാന്റേഷനു ഉപയോഗിക്കാതെ ഇവർക്കു കൊടുത്തു് ഇവരെ ദുരിതത്തിൽനിന്നും രക്ഷിക്കണമെന്നും അങ്ങനെ ഈ പ്രശ്നത്തിനു് ശാശ്വതമായ പരിഹാരം ഉണ്ടാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

നിയമവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ടി. എ. തൊമ്മൻ): വിവരങ്ങൾ ശേഖരിച്ചു കാര്യം മനസ്സിലാക്കി നാളെ മറുപടി പറയാം.

Difficulties experienced by Students of Alleppey Medical College-reply.

Mr. Speaker : A reply is due to Shri C. Achutha Menon on a Rule 61 notice. I call upon the Chief Minister to make the reply.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : ആലപ്പുഴയുള്ള തിരുമല ദേവസ്വം മെഡിക്കൽ കോളേജിലെ ചില വിദ്യാർത്ഥികൾക്കു് വന്നിരിക്കുന്ന ചില വൈഷമ്യങ്ങളെപ്പററിയാണു ശ്രീ. അച്യുതമേനോൻ ഇവിടെ പ്രസ്താവിച്ചതു്. അവിടെ സംഭവിച്ചതു് ഏതാണ്ടു് ഇങ്ങനെയാണു്. ആ കോളേജിലെ പ്രീമെഡിക്കൽ കോഴ്സിനു് 40 കുട്ടികളെ ചേർക്കുന്നതിനുള്ള അനുവാദം യൂണിവേഴ്സിറ്റി കൊടുത്തിരുന്നു. ആ അനുവാദത്തിന്റെ വ്യവസ്ഥകളിൽ ഒന്നു്, ഗവണ്മെന്റു് കുട്ടികളെ പ്രീമെഡിക്കൽ കോഴ്സിനു് ചേർക്കുന്നതിനു് അംഗീകരിക്കുന്ന തത്വങ്ങൾ അവരും കുട്ടികളെ ചേർക്കുമ്പോൾ സ്വീകരിക്കണമെന്നുള്ളതായിരുന്നു. ഇവിടത്തെ ഗവണ്മെന്റു് കോളേജുകൾക്കുള്ള സെലക്ഷനു് അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ളതു് ഫിസിക്സു്, കെമിസ്ട്രി, ബയോളജി എന്നീ മൂന്നു വിഷയങ്ങൾക്കും 50 ശതമാനംവീതം മാർക്കു വേണമെന്നുള്ളതാണു്. ഷെഡ്യൂൾ കാസ്റ്റിനു് അതിൽ 5 ശതമാനം മാർക്കിന്റെ കുറവുംഅനുവദിച്ചിരുന്നു. ഈ കോളേജിൽ 40-ന്റെ പകരം 46 പേരെ ചേർത്തതായിട്ടാണു കാണുന്നതു്. യൂണിവേഴ്സിറ്റിയുടെ അനുവാദമില്ലാതെ 6 പേരെ കൂടി ചേർത്തു എന്നു കാണുന്നു. ഈ കുട്ടികളും പരീക്ഷയ്ക്കു ഇരിക്കേണ്ട കാലമായി. അപ്പോൾ ഇവർക്കു് ഓരോരുത്തർക്കും കിട്ടിയ മാർക്കുകളേപ്പററിയുള്ള വിവരംകൂടി യൂണിവേഴ്സിറ്റി അന്വേഷിക്കുകയുണ്ടായി. അങ്ങനെ അന്വേഷിച്ചപ്പോൾ നേരത്തെ നിശ്ചയിച്ചിരുന്നതുപോലെയുള്ള മാർക്കുകൾ എല്ലാവർക്കും ലഭിച്ചിരുന്നില്ലെന്നു കണ്ടു. ഇവരിൽ 5 പേർ ഇൻഡ്യാഗവണ്മെന്റു് അയച്ചിരുന്നവരാണു്. ഇൻഡ്യാ ഗവണ്മെന്റു് ഇതിലേക്കു് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ നാലു വിഷയങ്ങൾക്കും 45 ശതമാനം വീതം മാർക്കു വേണമെന്നാണു്. ഷെഡ്യൂൾ കാസ്റ്റ്സിനും ട്രൈബ്സിനും 5 ശതമാനത്തിന്റെ റിലാക്സേഷൻ ഉണ്ടു്. ഇൻഡ്യാഗവണ്മെന്റു് നിശ്ചയിച്ച യോഗ്യതയുള്ളവരെയാണു് അവർ തെരഞ്ഞെടുത്തയച്ചതെന്നു കാണുന്നു. അവരെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

ലക്ഷദ്വീപിലും മറ്റും പെട്ടവരാണു്. ലക്ഷദ്വീപിലെ അഡ്മിനിസ്ട്രേറ്റർ ഈ സംഗതിയെസംബന്ധിച്ചു് യൂണിവേഴ്സിറ്റി വൈസ്ചാൻസലറുമായി ആലോചന നടത്തുകയും, ആ കുട്ടികളെ എടുക്കുന്നതിൽ വിരോധമില്ലെന്നു യൂണിവേഴ്സിറ്റി സമ്മതിക്കുകയും ചെയ്തു. മറ്റു കുട്ടികൾക്കും ഏതാണ്ടു് ഇത്തരത്തിലുള്ള ഒരു മാനദണ്ഡം അതായതു് 45 ശതമാനം മാർക്കു് ഫിസിക്സു്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്കുണ്ടായിരിക്കുകയും, 5 ശതമാനം മാർക്കിന്റെ റിലാക്സേഷൻ ഷെഡ്യൂൾ കാസ്റ്റ്സിനും, ട്രൈബ്സിനും കൊടുക്കുകയും ചെയ്യുന്ന വ്യവസ്ഥ യൂണിവേഴ്സിറ്റി സിൻഡിക്കറ്റു് സ്വീകരിക്കുകയും അതനുസരിച്ചു് മാർക്കും കിട്ടിയവരെയെല്ലാം പരീക്ഷയ്ക്കിരിക്കാൻ അനുവദിക്കുകയും ചെയ്തിരിക്കുകയാണു്. ഈ കണക്കനുസരിച്ചു നോക്കിയാൽ വേണ്ടിടത്തോളം മാർക്കും കിട്ടിയിട്ടില്ലാത്ത 11 കുട്ടികൾ അവിടെയുണ്ടു്. ഈ 11 കുട്ടികളിൽ 7 പേർ മുറയനുസരിച്ചു് ആദ്യം ചേർന്ന 40 പേരിൽ പെടും. 4 പേർ പിന്നീടു ചേർന്ന 6 പേരിൽ പെടും. ഇതാണു് ഇപ്പോഴത്തെ നില. ഇതിനെപ്പറ്റി യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഇപ്പോഴും ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അവസാനമായി തീരുമാനമെടുത്തോയെന്ന നിശ്ചയമില്ല. ആ തീരുമാനമെടുക്കേണ്ടതു് യൂണിവേഴ്സിറ്റിയാണു്. ഇതുസംബന്ധിച്ചു് ഇവിടെ കിട്ടിയിട്ടുള്ള വിവരങ്ങളും നിയമസഭാ മെംബറന്മാർക്കുള്ള ആശങ്കകളും എന്താണെന്നു് യൂണിവേഴ്സിറ്റിയെ അറിയിച്ചിട്ടുണ്ടു്.

Point of Information.

Shri P. Narayanan Thampi : Sir, I would like to have som information from the Chair.

രണ്ടുമൂന്നു ദിവസംമുമ്പു് ഇവിടത്തെ ചർച്ചാവേളകളിൽ ഇൻസ്പെക്ടർ ജനറൽ ആഫ് പോലീസിനെപ്പറ്റി ചില കാര്യങ്ങൾ പരാമർശിക്കുകയുണ്ടായി. ഇന്നലത്തെ ഒരു ദിനപ്പത്രത്തിൽ ഇങ്ങനെ ഒരു വർത്തമാനം കാണുന്നു. ''തിരുവനന്തപുരം, മാർച്ചു് 9. ഐ. ജി. ശ്രീ. വി. പി. നായർ പലരോടും ശുപാ കടം വാങ്ങിയെന്ന നിയമസഭയിൽ ചെയ്ത പരാമർശങ്ങളെ നിഷേധിച്ചുകൊണ്ടു് കടം കൊടുത്തു എന്നു് പറയപ്പെടുന്നവർ സ്പീക്കർക്കു് കത്തയച്ചിട്ടുള്ളതായി അറിയുന്നു''. ഇങ്ങനെ പത്രത്തിൽ വാർത്ത കാണുന്നു. അങ്ങേയ്ക്കു ഇതിനെപ്പറ്റി എന്തെങ്കിലും ഈ സഭയെ അറിയിക്കുവാനുണ്ടോ എന്നു വിനീതമായി ചോദിച്ചുകൊള്ളുന്നു.

Mr. Speaker : It is not a matter to raise a discussion.

ശ്രീ. പി. നാരായണൻ തമ്പി : ബഹുമാനപ്പെട്ട സ്പീക്കറിൽനിന്നു വിവരങ്ങൾ അറിയുന്നതിലേക്കു് ആണു് ഞാൻ ഈ കാര്യം ഉന്നയിച്ചതു്.

Mr. Speaker : It is not a matter to raise a discussion. Some papers reported something and the Chair as such is not bound to place the information before the House.

ശ്രീ പി. നാരായണൻ തമ്പി : അറിയിക്കണമെന്നു് ആവശ്യപ്പെടുകയല്ല ആ വിവരം ശരിയാണോ അല്ലയോ എന്നു അറിയാനാണു് ആഗ്രഹിക്കുന്നതു്.

Mr. Speaker : It I have received any letter, if necessary, I will pass it over to the Government.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇവിടെ ഒരു അലിഗേഷൻ വന്നു. അപ്പോൾ അതിന്റെ തെളിവു് ഹാജരാക്കണമെന്നു് അങ്ങു് പറയുകയും ചെയ്തു. അങ്ങനെ തെളിവു് ഹാജരാക്കിയിട്ടുണ്ടോ എന്നു് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. ഈ. പി. ഗോപാലൻ : തെളിവു് ഹാജരാക്കണമെന്നു് അങ്ങു് പറഞ്ഞിട്ടില്ല. മുൻകൂട്ടി രൂപ്രകാരം എഴുതിക്കൊടുക്കണമെന്നാണു് പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly